**തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥലംമാറ്റവും ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവും അനുവദിച്ചത് - പരിഷ്കരിച്ച- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് നം. ഇ.ഇ 4-74791/19/ആ.വ.ഡ, തീയതി 22-06-2021

2) നം. ഇ.എസ്3-8098/2019/ആ.വ.ഡ, തീയതി 17-08-2019

3) നം. ഇ.എസ്3-39343/21/ആ.വ.ഡ, തീയതി 28-06-2021 നമ്പർ കുറിപ്പ്

**ഉത്തരവ് നം. ഇ.ഇ 4-74791/2019/ആ.വ.ഡ. തീയതി 29-06-2021**

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റവും നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ അനക്സർ (1) ലെ സ്ഥലംമാറ്റ പട്ടികയിൽ ക്രമ നമ്പർ 9, 17 ആയി ഉൾപ്പെട്ട ജീവനക്കാരുടെ സ്ഥലംമാറ്റം താഴെ പറയും പ്രകാരം പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേരും നിലവിലെ സ്ഥാപനവും | പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിയമനം നൽകിയ സ്ഥാപനം | നിയമനം പുന:ക്രമീകരിച്ച് നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ. ദിനേശ്.സി.കെ<br>എഫ്.ഡബ്ല്യു. സ്റ്റോർ,<br>ജില്ലാ മെഡിക്കൽ ഓഫീസ്, ഇടുക്കി | ജില്ലാ ആശുപത്രി<br>തൃശ്ശൂർ | ജില്ലാ ആശുപത്രി<br>ഇരിങ്ങാലക്കുട<br>തൃശ്ശൂർ |
| 2 | ശ്രീമതി. മേഴ്സി.റ്റി.ഒ<br>ജില്ലാ ആശുപത്രി, തൃശ്ശൂർ | ജില്ലാ ആശുപത്രി<br>ഇരിങ്ങാലക്കുട<br>തൃശ്ശൂർ | ജില്ലാ ആശുപത്രി<br>തൃശ്ശൂർ |

അനക്സർ (II) ലെ സ്ഥാനക്കയറ്റ പട്ടികയിൽ ക്രമ നമ്പർ 20, 35 പ്രകാരമുള്ള ജീവനക്കാരുടെ നിയമനം താഴെ പരാമർശിച്ചിരിക്കുന്ന പ്രകാരം പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേരും നിലവിലെ സ്ഥാപനവും | പരാമർശം (1) പ്രകാരം നിയമനം നൽകിയ സ്ഥാപനം | സ്ഥാനക്കയറ്റം പുന:ക്രമീകരിച്ച് നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ. ഹരീഷ് കുമാർ.പി.എസ്.<br>ജനറൽ ആശുപത്രി,<br>തിരുവനന്തപുരം | താലൂക്ക് ആസ്ഥാന ആശുപത്രി,<br>വർക്കല, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ്,<br>കൊല്ലം |
| 2 | ശ്രീമതി. അനിത.ഡി.എൻ.<br>പ്രാഥമികാരോഗ്യ കേന്ദ്രം,<br>ജഗതി, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ്,<br>കൊല്ലം | താലൂക്ക് ആസ്ഥാന ആശുപത്രി<br>വർക്കല, തിരുവനന്തപുരം |

കൂടാതെ പരാമർശം (1) ലെ ഉത്തരവിൽ സ്ഥാനക്കയറ്റ പട്ടികയിൽ ക്രമ നമ്പർ 22 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. രാജേന്ദ്രൻ.സി.പി. പരാമർശം (2) പ്രകാരമുള്ള ഫാർമസിസ്റ്റ് ഗ്രേഡ് I സീനിയോറിട്ടി പട്ടികയിൽ റാങ്ക് നമ്പർ 156 ആയി ഉൾപ്പെടേണ്ടതല്ല എന്ന് പരാമർശം (3) പ്രകാരം കണ്ടെത്തിയതിനാൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ സ്ഥാനക്കയറ്റ പട്ടികയിൽ നിന്നും ടിയാനെ ഒഴിവാക്കിയും ടിയാന്റെ സ്ഥാനക്കയറ്റം റദ്ദ് ചെയ്യും ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (1) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
**ഡോ. ബിന്ദു മോഹൻ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**

സ്വീകർത്താവ്:
ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:
1) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ/ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്
3) ഫയൽ / കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**സൂപ്രണ്ട്**

**SS-29-06-2021**